**ഭരണഭാഷ മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കന്ററി വിഭാഗം.
ജഗതി,തിരുവനന്തപുരം
ഇ-മെയിൽ- dirdhse.dge@kerala.gov.in
ഫോൺ: 0471-2580759

നമ്പർ : HSE/5592/2025-Ad B2 തീയതി:25-08-2026

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം – എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലെ 29/12/2020 മുതൽ 01/06/2025 വരെയുള്ള തസ്തികമാറ്റ ഒഴിവിലേക്കുള്ള NJD നിയമനം- എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി /എൽ.പി.എസ്.റ്റി അധ്യാപകരിൽ കെ- ടെറ്റ് യോഗ്യത ഇല്ലാത്തവർ നിന്നും ബോണ്ട്/സമ്മതപത്രം ലഭ്യമാക്കുന്നത് – സംബന്ധിച്ച്

സൂചന :

1) 15/03/2026 തീയതിയിലെ സ.ഉ (കൈ) 80/2026/GEDN നമ്പർ സർക്കാർ ഉത്തരവ്

2) ഈ ഓഫീസിലെ 12/05/2026, 16/05/2026,14/08/2026 തീയതികളിലെ എച്ച്.എസ്.ഇ/5592/2025-എഡി.ബി2 നമ്പർ നടപടിക്രമങ്ങൾ

3) ഈ ഓഫീസിലെ വിവിധ തീയതികളിലെ തസ്തികമാറ്റ നിയമന ഉത്തരവുകൾ

പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വിഭാഗം എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലെ 29/12/2020 മുതൽ

**01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള അധ്യാപക നിയമനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ അധ്യാപകരെ,ജീവനക്കാരെ ഉൾപ്പെടുത്തി സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എ,യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നും എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികളിലെ വിവിധ വിഷയങ്ങളിലേക്ക് സൂചന (3) പ്രകാരം തസ്തികമാറ്റ നിയമനം നൽകിയിരുന്നു. സൂചന (3) പ്രകാരമുള്ള നിയമന ഉത്തരവ് ലഭിച്ചിട്ടും പ്രസ്തുത തസ്തികകളിൽ ചിലർ ജോയിൻ ചെയ്യാത്തതിനെ തുടർന്ന് (NJD), വിവിധ വിഷയങ്ങളിൽ തസ്തികമാറ്റ നിയമനത്തിനായി വീണ്ടും ഒഴിവുകൾ ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി താഴെ പറയുന്ന എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി അധ്യാപകരിൽ നിലവിൽ കെ- ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തവരും കെ-ടെറ്റ് പരീക്ഷ വിജയിച്ചിട്ടും സർട്ടിഫിക്കറ്റ് ലഭിക്കാത്തവരും ചുവടെ കൊടുത്തിരിക്കുന്ന അനുബന്ധം പ്രകാരം 500/. രൂപയുടെ ബോണ്ട്/സമ്മതപത്രം **02/09/2026 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി** ഈ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

താഴെ പറയുന്ന അധ്യാപകരിൽ നിലവിൽ കെ-ടെറ്റ്/സി-ടെറ്റ് യോഗ്യത നേടിയിട്ടുണ്ടെങ്കിൽ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ് ബന്ധപ്പെട്ട സ്കൂൾ മേലധികാരി സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

| **വിഷയം** | **ബോണ്ട്/സമ്മതപത്രം/കെ-ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അധ്യാപകരുടെ വിവരം** | |
|---|---|---|
| | **എച്ച്.എസ്.റ്റി** | **യു.പി.എസ്.റ്റി/ എൽ.പി.എസ്.റ്റി** |
| | 2024 സീനിയോറിറ്റി ലിസ്റ്റിലെ | 2024 സീനിയോറിറ്റി ലിസ്റ്റിലെ |

| | | |
|---|---|---|
| ഇക്കണോമിക്സ് | ക്രമ.നം 55 മുതൽ 71 വരെ | ക്രമ.നം 14 |
| ഗണിതം | 2025 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 35 മുതൽ 40 വരെ | |
| ബോട്ടണി | 2025 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 29 | |
| സംസ്കൃതം | 2025 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 6 | |
| മലയാളം | 2023 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 17 മുതൽ 20 വരെ | 2023 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 4 മുതൽ 6 വരെ |
| കെമിസ്ട്രി | 2022 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 47 മുതൽ 50 വരെ | |

മേൽ ലിസ്റ്റ് പ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കാത്ത അധ്യാപകരെ നിയമന ഉത്തരവിൽ നിന്നും ഒഴിവാക്കുന്നതാണ്. അപ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കാത്ത അധ്യാപകർ ഉണ്ടെങ്കിൽ അവർക്ക് പകരം നിയമനം നൽകുന്നതിനായി താഴെ കൊടുത്തിരിക്കുന്ന സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.റ്റി,യു.പി.എസ്.റ്റി/എൽ.പി.എസ്.റ്റി അധ്യാപകർ അനുബന്ധം പ്രകാരം ബോണ്ട്/സമ്മതപത്രം സമർ പ്പിക്കേണ്ടതാണ്. സപ്ലിമെന്ററി ലിസ്റ്റ് പ്രകാരം ബോണ്ട്/സമ്മതപത്രം സമർപ്പിക്കുന്നവർ തസ്തികമാറ്റ നിയമനത്തിനു മെയിൻ ലിസ്റ്റിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്കു മാത്രമേ അർഹരാവുകയുള്ളു.

## സപ്ലിമെന്ററി ലിസ്റ്റ്

| **വിഷയം** | **ബോണ്ട്/സമ്മതപത്രം/കെ-ടെറ്റ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട അധ്യാപകരുടെ വിവരം** | |
|---|---|---|
| | **എച്ച്.എസ്.റ്റി** | **യു.പി.എസ്.റ്റി/ എൽ.പി.എസ്.റ്റി** |
| ഇക്കണോമിക്സ് | 2024 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 72 മുതൽ 75 വരെ | 2024 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 15 & 16 . |
| ഗണിതം | 2025 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 41 മുതൽ 44 വരെ | |
| ബോട്ടണി | 2025 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 30 | |
| | | |

| | | |
|---|---|---|
| സംസ്കൃതം | 2025 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 7 | |
| മലയാളം | 2023 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 21 മുതൽ 23 വരെ | 2023 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 7 & 8 |
| കെമിസ്ട്രി | 2022 സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നം 51 മുതൽ 57 വരെ | |

മേൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ നിലവിൽ കെ-ടെറ്റ് സർട്ടിഫിക്കറ്റ്, ബോണ്ട്/സമ്മതപത്രം സമർപ്പിച്ചിട്ടുള്ളവർ പ്രസ്തുത രേഖകൾ വീണ്ടും സമർപ്പിക്കേണ്ടതില്ല.

Digitally signed by
Harilal T N
Date: 25-08-2026
15:19:39

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**പകർപ്പ്: 1)സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി/ എൽ.പി.എസ്.റ്റി അധ്യാപകർ**

**2)ബന്ധപ്പെട്ട HM മാർ**

# <u>അനുബന്ധം</u>

## <u>ബോണ്ട് / സമ്മതപത്രം</u>

ഞാൻ,ശ്രീ/ശ്രീമതി.______________________________,വയസ്_______, വിലാസം__________________________________________,നിലവിൽ___________________ (സ്കൂളിന്റെ പേര്), ____________________________ (സ്ഥലം) എന്ന സ്കൂളിൽ __________ മുതൽ എച്ച്.എസ്.ടി / യു.പി.എസ്.ടി/എൽ.പി.എസ്.ടി ആയി സേവനമനുഷ്ഠിച്ചുവരുന്നു. എച്ച്.എസ്.എസ്.റ്റി /എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് എനിക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്നതുമായി ബന്ധപെട്ട് ചുവടെ പറയുന്ന വ്യവസ്ഥകൾ ഞാൻ അംഗീകരിക്കുന്നു.

1. ഞാൻ എച്ച്.എസ്.എസ്.റ്റി /എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെക്കുള്ള തസ്തികമാറ്റ നിയമനത്തിനു യോഗ്യത നേടിയിട്ടുണ്ട്. പ്രസ്തുത നിയമനത്തിനായി K-TET വിജയിക്കുക എന്നത് 01/09/2025 തീയതിയിലെ Civil Appeal No. 1385/2025 മ്മേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ് , 15/03/2026 തീയതിയിലെ സ.ഉ(കൈ)നം.80/2026/G E D N എന്നീ ഉത്തരവുകൾ പ്രകാരം എന്റെ നിയമനത്തിന്റെ നിർബന്ധമായ യോഗ്യതയാണെന്ന് ഞാൻ പൂർണ്ണമായി മനസ്സിലാക്കുന്നു.
2. 01/09/2025 തീയതി മുതൽ രണ്ട് (2) വർഷത്തിനുള്ളിൽ, അതായത് 31/08/2027-നകം, കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (K-TET) വിജയകരമായി പാസാകുമെന്ന് നിലവിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം ഞാൻ ഉറപ്പുനൽകുന്നു.
3. മേൽ പറഞ്ഞ കാലയളവിനുള്ളിൽ K-TET പാസാകുന്നതിൽ ഞാൻ പരാജയപ്പെടുകയാണെങ്കിൽ, എന്നെ പ്രസ്തുത തസ്തികയിൽ നിന്നും REVERT ചെയ്യുന്നതിനും, ടി തസ്തികയിൽ പ്രസ്തുത കാലയളവിൽ വാങ്ങിയ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും സർക്കാർ നിർദേശിക്കുന്ന രീതിയിൽ തിരിച്ചടയ്ക്കാൻ ഞാൻ ബാധ്യസ്ഥ/ ബാധ്യസ്ഥനായിരിക്കും.
4. ആനുകൂല്യങ്ങൾ തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം 1967 ലെ കേരള റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം ടി തുക ഈടാക്കാൻ സർക്കാരിനു അധികാരമുണ്ടായിരിക്കും.
5. സർക്കാർ/വിദ്യാഭ്യാസ വകുപ്പ് പ്രസ്തുത വിഷയത്തിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും വ്യവസ്ഥകളും ഞാൻ അനുസരിക്കുന്നതാണ് .
6. ഈ ബോണ്ട് ഞാൻ യാതൊരു നിർബന്ധവും സമ്മർദ്ദവും കൂടാതെയും, പൂർണ്ണ ബോധ്യത്തോടെയും സ്വമേധയാ നിർവഹിച്ചിരിക്കുന്നു.
7. മറ്റ് നിബന്ധനകൾക്ക് പുറമേ നിശ്ചിത കാലാവധിക്കുള്ളിൽ K-TET പാസാകുന്ന പക്ഷം മാത്രമേ പ്രൊബേഷൻ പൂർത്തിയാക്കൽ /വാർഷിക ഇൻക്രിമെന്റ് എന്നിവയ്ക്ക് എനിക്ക് യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ.

ഇതിന്റെ സാക്ഷ്യമായി, ഞാൻ ഇന്നത്തെ ദിവസം ____________ (തീയതി) ____________ 2026- ന് ഒപ്പുവെക്കുന്നു.

ഉദ്യോഗാർത്ഥിയുടെ ഒപ്പ്: __________________________

പേര്: _____________________________________________

**സാക്ഷികൾ:**

1. ഒപ്പ്: __________________________
   പേര് & വിലാസം: __________________________________
2. ഒപ്പ്: __________________________
   പേര് & വിലാസം: __________________________________

**അറ്റസ്റ്റേഷൻ (Notary / Gazetted Officer):**

ഒപ്പ്: __________________________
പേര് & പദവി: ____________________
മുദ്ര: ______________________________